"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ധനകാര്യ (ഐ.ടി.എസ്.എഫ്) വകുപ്പ്

തിരുവനന്തപുരം,

നം. 56 /2024/ധന തീയതി: 10-09-2024

<u>പരിപത്രം</u>

വിഷയം:- ആധാർ അധിഷ്ഠിത മൊബൈൽ ഓ.ടി.പി വഴി ലോഗിൻ, സ്പാർക്കിൽ ചേർത്തിരിക്കുന്ന മൊബൈൽ നമ്പർ മാറ്റുന്നതിനുള്ള നടപടികൾ - തുടർ നിർദ്ദേശങ്ങൾ- സംബന്ധിച്ച്

സൂചന:- 1. 08.03.2019 ലെ പരിപത്രം നമ്പർ 20/19/ധന

2. 24.05.2022 ലെ പരിപത്രം നമ്പർ 39/22/ധന

3. 19.08.2022 ലെ പരിപത്രം നമ്പർ 72/22/ധന

4. 16.11.2022 ലെ പരിപത്രം നമ്പർ 97/22/ധന

എല്ലാ ജീവനക്കാർക്കും സ്പാർക്ക് ലോഗിൻ അനുവദിച്ചും ആയതിനുമുള്ള നടപടികൾ വ്യക്തമാക്കിയും സൂചന 1-ലെ പരിപത്രം പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. സൂചന 2-ലെ നിർദ്ദേശങ്ങൾ പ്രകാരം എല്ലാ ഡി.ഡി.ഓ-മാർക്കും ആധാർ അധിഷ്ഠിത മൊബൈൽ ഓ.ടി.പി വഴിയുള്ള സ്പാർക്ക് ലോഗിൻ നിർബന്ധമാക്കിയിരുന്നു. തുടർന്ന്, 01/12/2022 മുതൽ മൂന്ന് മാസത്തിനുള്ളിൽ എല്ലാ ജീവനക്കാരുടെയും (വ്യക്തിഗത ലോഗിൻ ഒഴികെയുള്ളവർക്ക്) ലോഗിൻ, ആധാർ അധിഷ്ഠിത മൊബൈൽ ഓ.ടി.പി സംവിധാനത്തിലൂടെ നിജപ്പെടുത്തുന്നതിനും, ആയതിനുള്ള തയ്യാറെടുപ്പുകൾ (ആധാർ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ളത്) ബന്ധപ്പെട്ട ഡി.ഡി ഓ മാർ ഉറപ്പ് വരുത്തേണ്ടതാണെന്നുമുള്ള നിർദ്ദേശങ്ങൾ, സൂചന 3-ലേയും 4-ലേയും പരിപത്രങ്ങൾ പ്രകാരം നൽകിയിരുന്നു.

2) മാത്രമല്ല, സ്പാർക്ക് സംവിധാനത്തിന്റെയും ഡാറ്റയുടേയും സുരക്ഷ ഉറപ്പവരുത്തുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദേശങ്ങൾ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചും വരുന്നുണ്ട്.

3) മേൽ സാഹചര്യങ്ങളിൽ, സ്പാർക്കിന്റെ സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തുന്ന നിർദ്ദേശങ്ങളുടെ ഭാഗമായി, വ്യക്തിഗത ലോഗിൻ ഒഴികെ, പ്രത്യേകാധികാരം ഉള്ള എല്ലാ സ്പാർക്ക് ലോഗിനുകൾക്കും ആധാർ അധിഷ്ഠിത മൊബൈൽ ഓ.ടി.പി സംവിധാനം ഉടൻ പ്രാബല്യത്തിൽ ഏർപ്പെടുത്തിയും, വ്യക്തിഗത ലോഗിനുകൾക്ക് 01-10-2024 മുതൽ ഈ സംവിധാനം ഏർപ്പെടുത്തുന്നതായും, എല്ലാ വകുപ്പ് മേധാവികളേയും ഡി.ഡി.ഓ-മാരേയും ജീവനക്കാരേയും ഇതിനാൽ അറിയിക്കുന്നു.

4) കൂടാതെ, സ്പാർക്ക് ഡാറ്റാബേസിൽ ചേർത്തിരിക്കുന്ന ജീവനക്കാരുടെ മൊബൈൽ നമ്പർ മാറ്റുന്നതിന് ആധാർ അധിഷ്ഠിത മൊബൈൽ ഓ.ടി.പി വഴിയുള്ള ഓൺലൈൻ സംവിധാനം സ്പാർക്കിൽ ഏർപ്പെടുത്തി ആയതിന്റെ വർക് ഫ്ലോ വിശദമാക്കുന്ന ഒരു ട്യൂട്ടോറിയൽ സ്പാർക്കിന്റെ വെബ്-സൈറ്റായ www.info.spark.gov.in ലും, www.spark.gov.in/webspark എന്ന വെബ്സൈറ്റിലെ നോട്ടീസ് ബോർഡിലും ചേർത്തിട്ടുണ്ടെന്നുള്ള വിവരവും എല്ലാ ഡി.ഡി.ഓ-മാരേയും ജീവനക്കാരേയും അറിയിക്കുന്നു. ജീവനക്കാരന്റെ ഇമെയിൽ ഐ.ഡി. മാറ്റുന്നതിനുള്ള സംവിധാനം താമസംവിനാ ഏർപ്പെടുത്തി ഒരു ട്യൂട്ടോറിയലും പ്രസിദ്ധീകരിക്കുന്നതാണ്.

5) സ്പാർക്കിൽ ആധാർ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുവാനോ ചേർക്കുവാനോ ഉള്ള ജീവനക്കാർക്ക് ആയത് ഡി.ഡി.ഓ-മാർ മുഖേന അടിയന്തിരമായി ഉറപ്പുവരുത്തേണ്ടതാണ്.

6) നിലവിലെ ആധാറിലെ വിവരങ്ങളെന്തെങ്കിലും (മൊബൈൽ നമ്പർ, ജനന തീയതി തുടങ്ങിയവ) അപ്ഡേറ്റ് ചെയ്യാനുണ്ടെങ്കിൽ ആയതിനുള്ള നടപടികൾ ജീവനക്കാർ സ്വമേധയാ സ്വീകരിക്കേണ്ടതാണ്.

7) മേൽ വിവരങ്ങൾ എല്ലാ ഡി.ഡി.ഓ-മാരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ (നോട്ടീസ് ബോർഡ്, ഇമെയിൽ സന്ദേശം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ) എല്ലാ ട്രഷറി ഓഫീസർമാരും സ്വീകരിക്കേണ്ടതും, ആയത് ട്രഷറി ഡയറക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.

സുരേഷ് കുമാർ ഒ ബി

ജോയിൻറ് സെക്രട്ടറി (ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (A&E/Audit II), കേരളം, തിരുവനന്തപുരം

ചീഫ് പ്രോജക്റ്റ് മാനേജർ, SPARK PMU

സെക്രട്ടേറിയറ്റിലെ എല്ലാ ഭരണ വകുപ്പുകളും (ഇ-ഓഫീസ് മുഖേന)

എല്ലാ വകുപ്പ് മേധാവികൾക്കും (ഭരണ വകുപ്പ് മുഖേന)

ഡയറക്ടർ ഓഫ് ട്രഷറീസ്, തിരുവനന്തപുരം.

നോഡൽ ഓഫീസർ, www.finance.kerala.gov.in, ധനകാര്യ വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E-2845680)

ഉത്തരവിൻ പ്രകാരം

മാനേജർ, ഐ.ടി.എസ്.എഫ്